# വനവികസന ഏജൻസി ഉദ്ഘാടനം

തിരുവനന്തപുരം

03.06.2010.

വനാശ്രിത സമൂഹത്തിന്റെ ഉന്നമനം ലാക്കാക്കി ആരംഭിക്കുന്ന സംസ്ഥാന വനവികസന ഏജൻസിയുടെ ഉദ്ഘാടനം ഏറെ സന്തോഷത്തോടെ നിർവഹിച്ചതായി അറിയിക്കുന്നു. വനാശ്രിത സമൂഹത്തിന്റെ ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള ഒരു വലിയ കാൽവയ്പാണ് വനവികസന ഏജൻസിയുടെ രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

പങ്കാളിത്ത പരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികളുടെയും ഇക്കോഡവലപ്പ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾക്ക് സാമ്പത്തികവും സാങ്കേതികവും ഭരണപരവുമായ നേതൃത്വം നൽകുക എന്ന ഉത്തരവാദിത്വമാണ് സംസ്ഥാന വനവികസന ഏജൻസിക്കു നിർവ്വഹിക്കാനുള്ളത്.

വനാശ്രിതരുടെ ജീവനോപാധിക്കായി തടിയിതരവനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നിവയാണ് സംസ്ഥാനവനവികസന ഏജൻസിയുടെ പ്രധാന പ്രവർത്തനമണ്ഡലങ്ങൾ. വനത്തിനുള്ളിൽ താമസിക്കുന്ന എഴുപത്തയ്യായിരത്തോളംവരുന്ന ആദിവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് ഏജൻസി പ്രത്യേകമായി ഊന്നൽ നൽകും. ആദിവാസി വനാവകാശ നിയമം രാജ്യത്ത് ആദ്യമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഇതിനകം എണ്ണായിരത്തിൽപ്പരം കുടുംബങ്ങൾക്ക് വനാവകാശനിയമപ്രകാരം ഭൂമി നൽകി. ഭൂമി അന്യാധീനപ്പെട്ട ആദിവാസികൾക്ക് ഭൂമി നൽകുന്ന പദ്ധതി പ്രകാരം 7826 കുടുംബങ്ങൾക്ക് ഒരേക്കർ വീതം ഭൂമി നൽകി. മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും

ഭൂമിയും വീടുമുള്ള സംസ്ഥാനമായി അടുത്ത ഏതാനും മാസത്തിനകം കേരളം മാറും. വന്യജീവികളുടെ ആക്രമണഭീഷണിയുള്ളവരാണ് ആദിവാസികൾ. ഇതുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി. പട്ടികവർഗ കുടുംബങ്ങൾക്ക് വീട് വെക്കാൻ സൗജന്യമായി മരം ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കി. പട്ടികവർഗത്തിൽപ്പെട്ടവർക്ക് എല്ലാതലത്തിലുമുള്ള ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കാൻ നടപടിയെടുത്തു. ഇങ്ങനെ വനാശ്രിത സമൂഹത്തിന്റെ ക്ഷേമത്തിനായി അഭൂതപൂർവമായ നടപടികളാണ് കൈക്കൊണ്ടത്.

നമ്മുടെ വനം സംരക്ഷിക്കുന്നതിൽ ആദിവാസി സമൂഹം വലിയ പങ്ക് വഹിക്കുന്നു. വനത്തെ ചൂഷണം ചെയ്യുന്നതിനുപകരം അത് സംരക്ഷിച്ചുകൊണ്ട് ഉപയോഗിക്കുക മാത്രമാണ് ആദിവാസി സമൂഹം ചെയ്യുന്നത്. വനംകൊള്ള തടയുന്നതിൽ വനാശ്രിത സമൂഹങ്ങൾ വലിയ പങ്ക് വഹിക്കുന്നു. മുമ്പ് വനനശീകരണവും വനംകൊള്ളയും നിത്യസംഭവമായിരുന്നു കേരളത്തിൽ. എന്നാൽ കഴിഞ്ഞ നാല് വർഷമായി അത്തരം സംഭവങ്ങൾ ഉണ്ടായില്ല. വനത്തിന്റെ വിസ്തൃതി മൂന്നുശതമാനത്തോളം വർധിപ്പിക്കാനും കഴിഞ്ഞു. വനം-പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകി പ്രവർത്തിക്കാൻ കഴിഞ്ഞതിന് നല്ല ഫലമുണ്ടായി. ഇതിനായി ജനകീയ അവബോധം വളർത്താൻ കഴിഞ്ഞുവെന്നത് വനം വകുപ്പിന്റെ വലിയ നേട്ടങ്ങളിലൊന്നാണ്.

വനാശ്രിത ജനതയുടെ ക്ഷേമത്തിനായി വനംവികസന ഏജൻസിക്ക് മികച്ച പ്രവർത്തനം നടത്താൻ കഴിയട്ടെ എന്നാശംസിച്ചുകൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം...